നമ്പർ: ICPS-3/008585/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS,പൂജപ്പുര,തിരുവനന്തപുരം
തീയതി: 05.07.2017

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം

എല്ലാ ജുവനൈൽ ജസ്റ്റീസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് മാർക്കും

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - Track Child Web Portal – ൽ വിവരങ്ങൾ രേഖപ്പെടുത്തൽ വരുത്തുന്നത് സംബന്ധിച്ച്.

സൂചന: Ministry of Women & Child Development (Govt of India) ൽ നിന്നുള്ള കത്ത് നമ്പർ 14 - 2/2007-CW-II തീയതി: 05.01.2017

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു Track Child Web Portal ൽ നിർബന്ധമായും രേഖപ്പെടുത്തൽ വരുത്തണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിഷ്കർഷിച്ചിരിക്കുന്നു. Track Child Web Portal ൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ വിവരങ്ങളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുമോയെന്ന ആശങ്ക കൊണ്ട് പല ജില്ലകളിലും പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാർ വിവരങ്ങൾ അപ്പ്ലോഡ് ചെയ്യുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് അനുവാദം നൽകാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്. എന്നാൽ ട്രാക്ക് ചൈൽഡ് വെബ് പോർട്ടലിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് കൊണ്ട് രഹസ്യ സ്വഭാവം നഷ്ടപ്പെടുന്നില്ല. അതാത് ജില്ലകളിലെ ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ഓപ്പൺ ചെയ്താൽ മാത്രമേ ഏതൊരാൾക്കും കുട്ടികളുടെ വിവരങ്ങൾ കാണുവാൻ സാധിയ്ക്കുകയുള്ളു. ഒരു കുട്ടിയുടെ വിവരം Track Child Web Portal ൽ പൂർണ്ണമായും രേഖപ്പെടുത്തൽ വരുത്തിയ ശേഷം സബ്മിറ്റ് കൊടുക്കുമ്പോൾ ഡിക്ലറേഷൻ എന്ന ഭാഗത്ത് താഴെപ്പറയുന്ന ഓപ്ഷനുകൾ പ്രത്യക്ഷപ്പെടും :-

- Permission has been taken from the Principal Magistrate, JJB to upload the information of the child in "Track Child " Portal for public viewing.
- Permission has been taken from the Principal Magistrate, JJB to upload the information of the child in "Track Child " Portal for internal administrative usage only.

ഇതിൽ രണ്ടാമത്തെ ഓപ്ഷനിൽ ക്ലിക്ക് ചെയ്യുകയാണെങ്കിൽ പൊതുജനങ്ങൾക്കോ/ മറ്റാർക്കുമോ (ജെ.ജെ.ബിയിൽ Track Child Web Portal ന്റെ യൂസർ ഐഡിയും പാസ്സ്‌വേഡും അറിയുന്ന വ്യക്തി ഒഴികെ) കുട്ടികളുടെ വിവരങ്ങൾ അറിയുവാൻ സാധിയ്ക്കുകയില്ല.

ആയതിനാൽ Track Child Web Portal ൽ ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ മുൻപാകെ ഹാജരാക്കപ്പെടുന്ന എല്ലാ കുട്ടികളുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് അനുവാദം നൽകണമെന്നും അവർ ഇത് കൃത്യമായി ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. പ്രോഗ്രാം മാനേജർ,ഐ.സി.പി.എസ്
3. സ്റ്റോക്ക് ഫയൽ